# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2307

23.01.2014 ൽ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനെ തുടർന്ന് സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ച ശേഷം എത്ര സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പ് മാറ്റിവച്ചിട്ടുണ്ട്; അവയുടെ പേരുവിവരവും മാറ്റി വയ്ക്കാനിടയായ സാഹചര്യവും ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ നിലവിൽ വന്നതിനെ തുടർന്ന് സംസ്ഥാനത്ത് 50 സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചതിന് ശേഷം മാറ്റിവച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ അന്യായമായി തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കുന്നതു തടയാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രവർത്തിക്കുന്നത്. സഹകരണ സംഘങ്ങളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയമത്തിലെയും, ചട്ടത്തിലെയും വ്യവസ്ഥകൾ സംഘങ്ങൾ പാലിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**